പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.
(ഹാജർ- H.DINESHAN IAS)

വിഷയം: - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ സുരേഷ് ബാബു.കെ യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുനക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം: -
1. ഈ ആഫീസിലെ 23.05.2018 തീയതിയിലെ ഇ 5-38675/17 നമ്പർ ഉത്തരവ്.
2. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.02.2020 തീയതിയിലെ DDP-KNR/557/2020E1 നമ്പർ കത്ത്.
3. ഈ ആഫീസിലെ 01.07.2013 തീയതിയിലെ E4-04/2012 നമ്പർ ഉത്തരവ്.
4. ഈ ആഫീസിലെ 06.07.2013 തീയതിയിലെ E4-04/2012 നമ്പർ ഉത്തരവ്.
5. ഈ ആഫീസിലെ 30.03.2021 തീയതിയിലെ നമ്പർ PAN/7964/2020-E4(DP) നോട്ടീസ്.

**ഉത്തരവ് നമ്പർ PAN/7964/2020-E4(DP)തീയതി :18/03/2022**

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.സുരേഷ് ബാബു.കെ പരാമർശം (1) പ്രകാരമുള്ള 01.01.2009 മുതൽ 31.012.2016 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച സീനിയർ ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി പട്ടികയിൽ സ്ഥാനക്രമം പുനക്രമീകരിക്കുന്നതിന് പരാമർശം(2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

പരമാർശം (2) പ്രകാരമുള്ള അപേക്ഷയും അനുബന്ധങ്ങളും പരിശോധിച്ചതിൽ ശ്രീ. സുരേഷ് ബാബു.കെ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷകൾ 2012 ജൂലൈ മാസം പ്രാബല്യത്തിൽ പാസായിട്ടുണ്ട്. പരാമർശം(3) പ്രകാരം പുറപ്പെടുവിച്ചിരുന്ന സീനിയർ ക്ലാർക്കുമാരുടെ സ്ഥാനക്കയറ്റ ഉത്തരവിൽ തന്നെക്കാൾ ജൂനിയറായ ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ളതും ടി ഉത്തരവിൽ തന്നെയും പരിഗണിക്കാമെന്നിരിക്കെ ടി ലിസ്റ്റിൽ ഉൾപ്പെടാതെ പരാമർശം (4) ലെ 06/07/2013 ലെ ഇ 4-04/2012 നമ്പർ ഉത്തരവ് പ്രകാരമാണ് സ്ഥാനക്കയറ്റം ലഭ്യമായത് എന്നുള്ള ആക്ഷേപം ഈ ആഫീസിൽ

ലഭ്യമാക്കിയിരുന്നു. ടി അപേക്ഷ പരിശോധിച്ചതിൽ ടിയാന് സൂചന (3) പ്രകാരമുള്ള സ്ഥാനക്കയറ്റ ഉത്തരവിൻറെ അടിസ്ഥാനത്തിൽ സീനിയോരിറ്റി പുനക്രമീകരിച്ച് നൽകുന്നതിന് അർഹതയുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം(1) സീനിയോരിറ്റി ലിസ്റ്റിലെ സ്ഥാനക്രമം 2297 ഒഴിവാക്കുന്നതിനും പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ സ്ഥാനക്രമം 1785 ആയി ഉൾപ്പെട്ടിരിക്കുന്ന ശ്രീ .റെജി ഐ മാത്യു-വിനുശേഷവും 1786 ആയി ഉൾപ്പെട്ടിരിക്കുന്ന ശ്രീ.ഷാജി കെ(Sr) ക്ക് മുമ്പായും സ്ഥാനക്രമം 1785A ആയി നിജപ്പെടുത്തുന്നതിന് താല്ക്കാലികമായി തീരുമാനിച്ച് പരാമർശം(5) പ്രകാരമുള്ള നോട്ടീസ് നൽകിയിരുന്നു. ടി താത്കാലിക തീരുമാനത്തിനെതിരെ ആക്ഷേപമുള്ള പക്ഷം ആയത് നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ രേഖാമൂലം ഈ ആഫീസിൽ നൽകേണ്ടതാണെന്നും അല്ലാത്ത പക്ഷം മറ്റൊരറിയിപ്പ് കൂടാതെ പ്രസ്തുത താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെയും ടി താത്കാലിക തീരുമാനത്തിനെതിരെ യാതൊരുവിധ ആക്ഷേപങ്ങളും ഈ ആഫീസിൽ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ സുരേഷ് ബാബു.കെ യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പരാമർശം(1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിലെ സ്ഥാനക്രമം 2297 ഒഴിവാക്കുന്നതിനും പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ സ്ഥാനക്രമം 1785 ആയി ഉൾപ്പെട്ടിരിക്കുന്ന ശ്രീ .റെജി ഐ മാത്യു-വിനുശേഷവും 1786 ആയി ഉൾപ്പെട്ടിരിക്കുന്ന ശ്രീ.ഷാജി കെ(Sr) ക്ക് മുമ്പായും സ്ഥാനക്രമം 1785A ആയി ക്രമപ്പെടുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

H. DINESHAN IAS
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
2. സെക്രട്ടറി, ചൊക്ലി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
   (കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
3. ശ്രീ സുരേഷ് ബാബു.കെ സീനിയർ ക്ലാർക്ക്
   ചൊക്ലി ഗ്രാമ പഞ്ചായത്ത് (കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
4. ഇ 4, ഇ 13 സീറ്റുകൾ.
5. കരുതൽ / അധികം